(സി) വിശുദ്ധ വസ്തുക്കൾ അപഹരിക്കപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി നടത്തിയിട്ടുള്ളതു് എത്ര;

(ഡി) ഈ കേസ്സുകളിൽ എത്രയെണ്ണം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്;

(ഈ) എത്ര കേസ്സിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടു്;

(എഫ്) തെളിയാത്ത കേസ്സുകളെസംബന്ധിച്ചു് എന്തെല്ലാം നടപടികൾ ഗവണ്മെൻറു നടത്തിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1964 ജൂലായി അവസാനംവരെ 32 പള്ളികൾ.

(ബി) 28.

(സി) 4

(ഡി) 17

(ഈ) 2

എഫ്) മറ്റുള്ള കേസുകളിൽ തെളിവുണ്ടാക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികളെല്ലാം കൈക്കൊണ്ടിട്ടുണ്ടു്.

ദേവാലയക്രമണങ്ങൾ

* 9. [18] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1960-നുശേഷം സംസ്ഥാനത്തു് എത്ര ദേവാലയങ്ങളിൽ മോഷണവും ആക്രമണവും നടന്നിട്ടുണ്ടു്;

(ബി) അതിൽ എത്ര കേസ്സുകളിൽ തെളിവുണ്ടായി;

(സി) ഇനി എത്ര കേസുകൾ തെളിയാനുണ്ടു്;

(ഡി) തെളിവു കിട്ടാത്ത കേസുകൾ തെളിയിക്കുന്നതിനായി ഊർജ്ജിതമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1960 മുതൽ 31-7-64 വരെ 256 ദേവാലയങ്ങളിൽ ആക്രമണവും മോഷണവും നടന്നിട്ടുണ്ടു്.

(ബി) അവയിൽ 107 കേസുകളിൽ തെളിവുണ്ടായിട്ടുണ്ടു്.

(സി) 46 കേസുകൾ അന്വേഷണത്തിലിരിക്കുകയാണു്.

(ഡി) 103 കേസുകൾ തെളിവുകൾ ലഭിക്കാതെയിരിക്കുന്നു. അതിലേക്കു ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്തിവരുന്നുണ്ടു്.

ദേവാലയാക്രമണങ്ങൾ.

* 10. [19] ശ്രീ. തോമസ് ജാൺ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് 1963-64-ൽ എത്ര ക്രിസ്ത്യൻ ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ടു്;

(ബി) ഈ ആക്രമിക്കപ്പെട്ട ദേവാലയങ്ങളിൽ എത്ര ദേവാലയങ്ങളിലാണു് വിശുദ്ധവസ്തുക്കൾ നശിപ്പിക്കപ്പെട്ടിട്ടുള്ളതു്;

(സി) ഈ ആക്രമണങ്ങൾ ചെയ്തവരെ കണ്ടുപിടിച്ചു, ആക്രമങ്ങൾ അമർച്ച ചെയ്യുന്നതിനു് ബഹുമാനപ്പെട്ട ഗവണ്മെൻറു് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്;

(ഡി) കുട്ടനാടു താലൂക്കിൽപ്പെട്ടതായ നീലംപേരൂർ വില്ലേജിൽ ഉള്ള കൈനടി പള്ളിയിൽ നടന്ന ആക്രമണം സംബന്ധിച്ചു് ബഹുമാനപ്പെട്ട ഗവണ്മെൻറു് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ സംസ്ഥാനത്തു് 1963–64–ൽ 65 ക്രിസ്ത്യൻദേവാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ടു്.

(ബി) 15.

(സി) നിർദ്ദേശങ്ങൾ നൽകീട്ടുള്ളതനുസരിച്ചു ഓരോ ഡിസ്ട്രിക്റ്റിലും സൂപ്രണ്ടന്മാർ ദേവാലയങ്ങളുടെ പരിസരങ്ങളിലുള്ള സ്ഥലങ്ങളിലേക്കു പെട്രോൾപാർട്ടികളെ നിയോഗിക്കുകയും രണ്ടു പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലന്മാരുടെ നിർദ്ദേശപ്രകാരം ഈ മാതിരി ആക്രമണങ്ങൾ ഇനിയും ഉണ്ടാകാതെയിരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്.

(ഡി) കുട്ടനാട്താലൂക്കിൽപെടുന്ന നീലംപേരൂർ വില്ലേജിൽ ഉള്ള കൈനടി പള്ളിയിൽ നടന്ന ആക്രമണം സംബന്ധിച്ചു രാമൻകരി പോലീസ് സ്റ്റേഷനിൽ 22/64–ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസു ഊർജ്ജിതത്തിലിരിക്കുകയാണു്.

വെള്ളായണിക്ഷേത്രത്തിൽ നടന്ന മോഷണത്തെപ്പറ്റിയുള്ള അന്വേഷണം

* 11. [20] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി ക്ഷേത്രത്തിൽ നടന്ന മോഷണത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ അവസാനിച്ചുവോ;

(ബി) അന്വേഷണഫലം എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) പ്രയോജനപ്രദമായ യാതൊരു തെളിവും ഇതുവരെ കിട്ടീട്ടില്ല.

ദേവാലയാക്രമണങ്ങൾ

* 12. [39] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961–62, 1962–63, 1963–64 (ജൂലൈ–31ാംതു-വരെ ഓരോ വർഷങ്ങളിലും എത്ര പള്ളികളും ക്ഷേത്രങ്ങളും ആക്രമിക്കപ്പെട്ടിട്ടുണ്ടു്;

(ബി) ഓരോ വർഷവും ദേവാലയാക്രമണം സംബന്ധിച്ചുണ്ടായ എത്ര കേസ്സുകൾ തെളിഞ്ഞിട്ടുണ്ടു്;

(സി) തെളിവു കിട്ടാത്തവ എത്ര;

(ഡി) 1964 ജനുവരിക്കു ശേഷം എത്ര ക്രൈസ്തവ ദേവാലയങ്ങളും, ഹൈന്ദവ ദേവാലയങ്ങളും, ആക്രമവിധേയമായിട്ടുണ്ടു് ;

(ഇ) അതിൽ എത്രകേസ്സു് തെളിവു കിട്ടാതെയുണ്ടു് ; എത്രയെണ്ണം തെളിഞ്ഞിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly